**File No.SJD/1997/2020-PC1**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :30/06/2020
Email -swdkerala@gmail.com
Phone : 0471 - 2306040

## സർക്കുലർ

വിഷയം: ക്ഷേമസ്ഥാപനങ്ങളിലെ മൾട്ടിടാസ്ക് കെയർപ്രൊവൈഡർമാരുടെ സേവനം വിനിയോഗിക്കുന്നത്-നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന: 1. സാമൂഹ്യ നീതി ഡയറക്ടറുടെ 30/03/2020, 29.05.2020 തീയതികളിലെ SJD/541/2020-D2 നമ്പർ കത്ത്.
2. വകുപ്പ് സെക്രട്ടറിയുടെ ചേംബറിൽ 30/06/2020 ചേർന്ന യോഗ നിർദേശം.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വകുപ്പിന് കീഴിലെ ക്ഷേമ സ്ഥാപനങ്ങളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നിയോഗിച്ചിരുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ, നഴ്സ്, സ്പെഷ്യൽ എജ്യൂക്കേറ്റർ എന്നിവരുടെ കരാർ കാലാവധി 31/03/2020 ന അവസാനിച്ചിരുന്നു. എന്നാൽ കോവിഡ് 19 കാരണം സംസ്ഥാനമൊട്ടാകെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പിന് കീഴിലെ ക്ഷേമസ്ഥാപനങ്ങളിൽ KSSM മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കരാർ ജീവനക്കാരുടെ സേവനകാലാവധി 30.06.2020 വരെ ദീർഘിപ്പിക്കുന്നതിന് സൂചന (3) പ്രകാരം അനുമതി നൽകിയിരുന്നു. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ വരുന്ന ക്ഷേമസ്ഥാപനങ്ങളിലെ കരാർ ജീവനക്കാരുടെ സേവനം പുനക്രമീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സേവനം 30.06.2020 പ്രാബല്യത്തിൽ അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ ക്ഷേമ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി 01.07.2020 മുതൽ പ്രസ്തുത ജീവനക്കാരുടെ സേവനം ആവശ്യമുള്ള പക്ഷം ഇവരുടെ എണ്ണം പരമാവധി പരിമിതപ്പെടുത്തി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്ഥാപന സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്. 30.06.2020 വരെ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തവർക്ക് നൽകാൻ കുടിശ്ശികയുള്ള ഹോണറേറിയം സംബന്ധിച്ച റിപ്പോർട്ട് 07/07/2020 ന മുൻപായി ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Sd/-
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ സ്ഥാപന സൂപ്രണ്ടുമാർക്കും
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം
(signature)